പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 126 | 26.09.2011 ൽ മറുപടിയ്ക്ക്

## കുറ്റ്യാടി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 78/11, 100/11 എന്നിവയുടെ അന്വേഷണത്തിന്റെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ലതിക | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കുറ്റ്യാടി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 78/2011, 100/2011 എന്നീ കേസുകളിൽ പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) പ്രസ്തുത കേസന്വേഷണം ത്വരിതപ്പെടുത്തുന്നതിനും കുറ്റക്കാരെ ശിക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | (എ) & (ബി) കുറ്റ്യാടി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 78/2011 u/s 448 IPC & Sec. 3 and 5 of ES Act പ്രകാരവും, ക്രൈം നമ്പർ 100/2011 u/s 436 IPC പ്രകാരവും രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ സംഭവസ്ഥലം സയന്റിഫിക് അസിസ്റ്റന്റ് സന്ദർശനം നടത്തുകയും അവിടെ നിന്നും കേസുമായി ബന്ധപ്പെട്ട സാമ്പിളുകൾ ശേഖരിക്കുകയും ആയത് രാസപരിശോധനയ്ക്കായി അയച്ചിട്ടുള്ളതുമാണ്. പരാതിക്കാരിയെയും പരിസരവാസികളെയും നേരിൽ കണ്ട് മൊഴി രേഖപ്പെടുത്തുകയും അന്വേഷണം ത്വരിതപ്പെടുത്തുന്നതിനായി കുറ്റ്യാടി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തി വരികയും ചെയ്യുന്നു. പ്രതികളെ കണ്ടെത്തുന്നതിനായി ഊർജ്ജിത അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ